**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2550

17.06.2019 ലെ മറുപടിയ്ക്ക്.

# വാത്സല്യനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. വീണാ ജോർജ്ജ്**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**,, പുരുഷൻ കടലുണ്ടി**<br>**,, കെ. കുഞ്ഞിരാമൻ** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കി വരുന്ന നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വകുപ്പ് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് വാത്സല്യനിധി പദ്ധതി. |
| (ബി) | ഇതിന്റെ ഭാഗമായി 'വാത്സല്യനിധി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | | |
| (സി) | പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ, സാമ്പത്തിക ഉന്നമനമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു പെൺകുട്ടിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | | വാത്സല്യനിധി പദ്ധതി പ്രകാരം പെൺകുട്ടിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ നൽകുന്നു. (Assured Amount) |

**<u>LIC നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ</u>**

| **ആകസ്മിക മരണത്തിന്** | | |
|---|---|---|
| വരുമാന ദായകൻ | സാധാരണ മരണം | 2,00,000/- |
| | അപകട മരണം | 4,00,000/- |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000/- |
| | അപകടം മൂലമുള്ള പൂർണ്ണമായ | 2,00,000/- |

| | | |
|---|---|---|
| | അംഗവൈകല്യം | |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകട മരണം | 30,000/- |
| കുട്ടി | സാധാമരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനു ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിനു ശേഷമാണ് ഇൻഷുറൻസ് കവറേജ്) |

**വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ**

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9,10,11,12 | 1,200/- രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിയ്ക്കോ | 9,10,11,12 | 1,200/- രൂപ ഓരോ വർഷവും |

ഇതിൽ അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയായിരിക്കണം
2. മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്
3. 01.04.2017 മുതൽ ജനിച്ച പെൺകുട്ടികൾക്കാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

[illegible] ഓഫീസർ